# പത്രോസ്സിൻെറ വിലാപം അഥവാ വ്യാജപണ്ഡിതന്മാരും ഒരു കവിയും

**ജോസ് ചെരിപുറം, ന്യൂയോർക്ക്**



(ഒരു യഥാർത്ഥ സംഭവത്തെ ആസ്പദമാക്കി ഏകദേശം ഇരുപത്തിരണ്ടു വർഷങ്ങൾക്ക് മുമ്പ് എഴുതി കൈരളി പത്രത്തിൽ പ്രസിദ്ധീകരിച്ചത്) (മലയപുലയനാ മാടത്തിൻ മുറ്റത്ത് ... എന്ന രീതിയിൽ ചൊല്ലാം)

കലയെ കൊല ചെയ്തു കുഴി കുത്തി മൂടുന്ന
കാലന്മാർ ചായക്കടയിൽ കൂടി
ചായയടുപ്പുപോൽ  അവരുടെയുള്ളിലും
അണയാത്ത അഗ്നി എരിഞ്ഞിരുന്നു
ആരിവൻ! തന്നിഷ്ടക്കാരനീ താന്തോന്നി
അവനെ നാമൊന്നായിട്ടാക്രമിക്കും

എന്തൊരു ചങ്കൂറ്റം, എന്തൊരു പ്രതിഭാനം
ഈ വിധം ഇവനങ്ങ് എഴുതീടുകിൽ
സൂത്രത്താൽ ഓട്ടയടച്ച് നാം നാട്ടാരെ
പറ്റിയ്ക്കും വേല വെളിയ്ക്ക് ചാടും
ചർച്ച തുടങ്ങീ വിധത്തിൽ കൊലയാളി
കൂട്ടം- അക്ഷമരായ്, അസ്വസ്ഥരായ്

അവരിലസൂയകൊണ്ടെരിപൊരികൊള്ളുന്ന
അഴകപ്പൻ നാരീസ്വരത്തിൽ ചൊല്ലി
ഒന്ന് കുനിഞ്ഞെൻെറ കാലു നക്കീടാത്തോർ
ഓർക്കുക,അവരെ ഞാൻ സംഹരിക്കും

എന്നുമെൻ തൃക്കാൽക്കൽ വന്ന് വണങ്ങണം
വാഴുന്നോരായെന്നെ കണികാണണം
അതുകേട്ട് ശിങ്കിടി പാടാൻ മടിച്ചൊരു
"കവിയെ" അതിയാൻ പുറത്ത് തള്ളി
അർഹതക്കുപരി പദവി ലഭിച്ചൊരു
കിഴവനും നാരീ സ്വരത്തെ ചാരി
സഖ്യത്തിനേനകേടാകും അതുകണ്ട്
ഒരുവൻ അനുനയം ചൊല്ലി വേഗം

ആരേയും നിന്ദിക്കാൻ കൂട്ടു നിൽക്കേണ്ട നാം

സ്വന്തമായ് ചിന്തിക്കാൻ ആരംഭിക്കാം
പരദൂഷണവീരനാ നിർദ്ദേശം പുച്ഛിച്ച്
നാരീസ്വരത്തിലമർത്തി മൂളി
എങ്കിലും പൊതുനന്മ ലക്ഷ്യമാക്കുന്നവർ
അവരുടെ ആവശ്യം ഉന്നയിച്ചു

വിജ്ഞാനമുള്ളവർ വിദ്യധനമുള്ളോർ*
ചപ്പും ചവറും തിരിച്ചറിയും
മുഖം മൂടിയിട്ട് നാം പറ്റിച്ച് നിർത്തുന്ന
പൊതുജനം അന്നേരം പ്രതികരിക്കും

ആരേയും കാലു പിടിക്കാതെ നമ്മൾക്ക്
വ്യക്തിത്വമുള്ളവരാകാം മേലിൽ
ശിങ്കിടിമാരെന്ന് നാട്ടുകാർ പുച്ഛിച്ച
പാവങ്ങൾ ശക്തന്മാരായിത്തീർന്നു
കൈകോർത്തു ചേർന്നവർ ഒന്നിച്ച് ചൊല്ലി-
യീ നാരിസ്വരത്തെ പുറത്താക്കുക

*ഇന്നാണെങ്കിൽ വിദ്യാധരൻ എന്നെഴുതുമായിരുന്നു.
**********